TUESDAY 31-08-2021 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) – 31/08/2021

1. നൂറ് ദിന കർമ്മ പരിപാടി പ്രകാരമുള്ള നൂറ് നഗരചന്തകളുടെ പൂർത്തീകരണപ്രഖ്യാപനവും നൂറാമത്തെ നഗരചന്തയുടെ ഉദ്ഘാടനവും ബഹു കൃഷി മന്ത്രി ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ കൃഷിമന്ത്രി പി പ്രസാദ് ഇന്ന് (31-08-2021 ന് ) വൈകിട്ട് നാലു മണിയ്ക്ക് അങ്കമാലിയിൽ നിർവ്വഹിക്കും.

2. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ ഇപ്പോൾ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. വാഴപ്പള്ളി പഞ്ചായത്തിൽ ആട് സാറ്റലൈറ്റ് പദ്ധതി, കറവയന്ത്രം സ്ഥാപിക്കൽ, കൺസർവേഷൻ ഓഫ് ലൈവ്സ്റ്റോക്ക് ബയോവേയ്സ്റ്റ് റ്റു മാന്വർ, താറാവ് വളർത്തൽ, മൃഗസംരക്ഷണ മേഖലയിലെ വായ്പകൾക്കുള്ള സഹായധനം ഉടങ്ങി വിവിധ പദ്ധതികളിലേയ്ക്കുള്ള അപേക്ഷകൾ ഇന്ന് (ഈ മാസം 31 ന്) വൈകിട്ട് മൂന്ന മണിയ്ക്ക മുൻപായി ഉരുത്തി മൃഗാശുപത്രിയിൽ നൽകണമെന്ന് ഉരുത്തി വെറ്ററിനറി സർജൻ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0481-2321244** എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

4. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ മൃഗചികിൽസ പഠന സമുച്ചയത്തിൽ സെപ്റ്റംബർ ഒന്നിന് ആരംഭിക്കുന്ന ''വെറ്ററിനറി നേഴ്സിങ്ങ്, ലബോറട്ടറി സാങ്കേതികവിദ്യ, ഫാർമസി'' എന്നിവയിൽ ആറു മാസം നീളുന്ന സ്റ്റൈപ്പെന്റോടുകൂടിയ പരിശീലനത്തിന് താല്പര്യമുള്ള അപേക്ഷകർ ഇന്ന് (ഓഗസ്റ്റ് 31) രാവിലെ 10 മണിക്ക് സ്ഥാപനത്തിൽ വച്ച് നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ, **9387387023, 9447153448** എന്ന നമ്പരുകളിലോ ബന്ധപ്പെടുക.

5. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവകലാശാലയിലെ മാസ്റ്റർ ഓഫ് സയൻസ്, ബി.എസ്.സി, പി.പി.ബി.എം, ഡിപ്ലോമ പ്രോഗ്രാമുകളിലേക്ക് പ്രവേശന നടപടികൾ ആരംഭിച്ചു. https://applications.kvasu.ac.in/ എന്ന വെബ്സൈറ്റ് വഴി സെപ്റ്റംബർ മാസം 15 വരെ അപേക്ഷകൾ സമർപ്പിക്കാം.

6. റബ്ബർബോർഡ് കോൾസെന്ററിന്റെ പ്രവർത്തനസമയം തിങ്കൾ മുതൽ വെള്ളി വരെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.30 വരെയാണ്. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിനായി 0481 – 2576622 എന്ന കോൾസെന്റർ നമ്പരിൽ വിളിയ്ക്കാവുന്നതാണ്..

**പരിശീലന പരിപാടികൾ**

7. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (31.08.2021) രാവിലെ 11 മണി മുതൽ **മത്സ്യകൃഷിയിലെ ജൈവസുരക്ഷിതത്വം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChannel/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (01/09/2021 ന ) രാവിലെ 11 മണിക്ക് "**ക്ഷീരസംഘം ജീവനക്കാരുടെ പെൻഷൻ പദ്ധതി**" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. ഹോർട്ടികോർപ്പ് ഇന്നു മുതൽ ആവോലി കൃഷി ഭവൻ പരിധിയിൽ വച്ച് മൂന്ന് ദിവസത്തെ സമഗ്ര തേനീച്ച വളർത്തൽ സംരംഭകത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ 9447910989 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. വയനാട്ടിൽ നഞ്ചകൃഷിക്കുള്ള ഞാർ നടീൽ തുടരുന്നതിനുള്ള അനുകൂല കാലാവസ്ഥയാണ്. നടീൽ സമയത്ത് ഒരു ഹെക്ടറിന് 5 ടൺ ജൈവവളം, 90 കിലോഗ്രാം ഫാക്ടംഫോസ്, 15 കിലോഗ്രാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

യൂറിയ എന്നിവ അടിവളമായി നൽകുക. കർഷകർ കുലവാട്ടം, തവിട്ടുപുള്ളി രോഗം മുതലായവയ്ക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ ഞാറിന്റെ തലപ്പ് മുറിച്ചു കളയുന്നത് ഒഴിവാക്കുകയും നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുകയും വേണം. ഞാറ് സ്വീഡോമോണാസ് ലായനിയിൽ (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) ഒരു മണിക്കൂർ നേരം മുക്കി നടുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. നെൽച്ചെടികളിൽ ഇലചുരുട്ടി പുഴുവിന്റെ ആക്രമണം തടയുന്നതിന് മുൻകരുതലായി ട്രൈക്കോഗ്രാമ്മ ചിലോണിസ് മുട്ട കാർഡുകൾ ഉപയോഗിക്കുക. ഇലചുരുട്ടിപുഴുവിന്റെ ആക്രമണം ശ്രദ്ധയിൽപെട്ടാൽ മുള്ളുള്ള കമ്പുകൊണ്ടോ മറ്റോ ഇലകളിലെ അടിച്ചുരുളുകൾ തുറന്നശേഷം കീടനാശിനികൾ തളിക്കുക. ഫെയിം (1 മില്ലി/10 ലിറ്റർ) വെള്ളത്തിൽ ചേർത്തോ ടാക്മി (2.5 ഗ്രാം/10 ലിറ്റർ) വെള്ളത്തിൽ ചേർത്ത് ആക്രമണം ഉണ്ടായ ഇലകളിൽ തളിക്കുക. ഗുണനിലവാരമുള്ള സ്യൂഡോമോണാസ് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്. (ഫോൺ നമ്പർ **04936 260561**)

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം